1. ജൈവകരുമുളക് കൃഷിക്ക് തുടർ സഹായമായി രണ്ടാം വർഷത്തെ 1679 ഹെക്ടറിന് 10000 രൂപ നിരക്കിലും മൂന്നാം വർഷത്തെ 1000 ഹെക്ടറിന് 5000 രൂപാ നിരക്കിലും ധനസഹായം.

2. രണ്ടു ലക്ഷം താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഒരു താങ്ങുമരത്തിന് 10 രൂപ നിരക്കിൽ ധനസഹായം.

3. ദ്രുതവാട്ട രോഗ നിയന്ത്രണത്തിനായി 3500 ഹെക്ടറിലേയ്ക്ക് ഹെക്ടറൊന്നിന് 10000 രൂപയുടെ (inputs ന്റെ ചെലവിന്റെ 50%) ധനസഹായം.

ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പേരുമാറ്റം

66 (5871) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(സി) ആഡിറ്റുകൾ സമകാലീനമാക്കാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ന് മാറ്റി സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ചുവടെ ചേർക്കുന്നു :

(1) സ.ഉ. (കൈ) നമ്പർ 24/15/ധന, തീയതി 14-1-2015

(2) സ.ഉ. (കൈ) നമ്പർ 103/15/ധന, തീയതി 28-2-2015

(3) എസ്.ആർ.ഒ. നമ്പർ368/2015, തീയതി 30-5-2015

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഡിറ്റ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചു. അതിലേക്കായി എയിംസ് (ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) - സോഫ്റ്റ്വെയർ ഉപയോഗിച്ചുവരുന്നു. എയിംസ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിലേയ്ക്കായി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകിക്കഴിഞ്ഞു. ഓഡിറ്റ് റിപ്പോർട്ടുകൾ, പുറപ്പെടുവിക്കുന്ന ദിവസംതന്നെ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നു. 2009-10 മുതലുള്ള എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളും ഡിജിറ്റൈസ് ചെയ്തു സൂക്ഷിച്ചിട്ടുണ്ട്. ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിനും സമയബന്ധിതമായി തന്നെ ഫയലുകൾ തീർപ്പാക്കുന്നതിനും ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. വകുപ്പിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

വകുപ്പിലേക്ക് പുതുതായി എത്തിച്ചേരുന്ന ജീവനക്കാരുടെ കാര്യശേഷി ഉയർത്തുന്നതിലേയ്ക്കായി 4 മാസത്തെ നിർബന്ധിത പരിശീലന പരിപാടി നടത്തിവരുന്നു. ഓഡിറ്റർ മുതൽ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) വരെയുള്ള മുഴുവൻ ജീവനക്കാർക്കും കൺഫർമേഷൻ നൽകിക്കഴിഞ്ഞു. ജില്ലാ ഓഫീസ് തലവന്മാർക്ക് ഔദ്യോഗിക യാത്രകൾക്കായി വാഹനങ്ങൾ അനുവദിക്കുകയും ഡയറക്ടറേറ്റ് നവീകരിക്കുകയും ചെയ്തതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായിട്ടുണ്ട്. 2011-2012-ന് ശേഷം പുറപ്പെടുവിച്ച സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രവർത്തനക്ഷമതാ റിപ്പോർട്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഓഡിറ്റുകൾ സമകാലീനമാക്കുവാൻ എയിംസ് സോഫ്റ്റ്വെയർ രണ്ടും മൂന്നും ഘട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ ഓഡിറ്റ് കുടിശ്ശികകളുടെ കൃത്യമായ വിവരം വകുപ്പ് മേധാവിക്ക് ലഭ്യമാകുന്നു. ഓഡിറ്റ് ഓഫീസർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് 270 ലാപ്പോപ്പ് ലഭ്യമാക്കി.

നിലവിലുള്ള ഓഡിറ്റ് കുടിശ്ശിക ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ ഓഫീസ് തലവൻമാരുടെ മീറ്റിംഗുകൾ ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഓഡിറ്റ് റിപ്പോർട്ടുകൾ മലയാളത്തിൽ സമയബന്ധിതമായി തയ്യാറാക്കുന്നതിന് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും മലയാളം ടൈപ്പിംഗ് പരിശീലനം നൽകിവരുന്നു. ഇതിലൂടെ ഓഡിറ്റ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാനും കുടിശ്ശിക ഒഴിവാക്കി സമകാലീനമാക്കാനും സാധിക്കും.

1267/18

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പുകളുമായി ആശയങ്ങൾ കൈമാറുന്നതിനും ഓഡിറ്റ് പ്രക്രിയയിലെ നൂതനരീതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനും വിവിധ സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നവംബർ മാസത്തിൽ തിരുവനന്തപുരത്ത് വച്ച് ദേശീയ സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്നു.

ബാലസാന്ത്വനം

67 (5872) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലസാന്ത്വനം പദ്ധതി രൂപീകരിച്ചത് എന്നാണ് ; എന്താണ് ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ ?

• ഉത്തരം

23-12-2014-ലെ ജി.ഒ.(പി)575/2014/ധന. നമ്പർ ഉത്തരവ് പ്രകാരമാണ് 'ബാലസാന്ത്വനം - 2014' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക വീതം കുറവ് ചെയ്ത് സമാഹരിക്കുന്ന ഫണ്ടിൽനിന്നും റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽകഴിയുന്ന അർബുദബാധിതരായ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായം നൽകുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക്

68 (5873) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ നിരക്കിനെക്കാൾ മുന്നിലെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly